# പതിമൂന്നാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : 6124

09-07-2013 ൽ മറുപടിക്ക്

## എക്സൈസ് സേനയ്ക്ക് പരിശീലനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :<br>ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :<br>ശ്രീ. ഷാഫി പറമ്പിൽ :<br>ശ്രീ. ബെന്നി ബെഹനാൻ : | ശ്രീ. കെ. ബാബു<br>(മത്സ്യബന്ധനവും, തുറമുഖവും, എക്സൈസും വകുപ്പ് മന്ത്രി) |
| എ) എക്സൈസ് സേനയ്ക്ക് പരിശീലനം നൽകുന്നതിനുള്ള സംവിധാനം നിലവിലുണ്ടോ ; വിശദാംശം ലഭ്യമാക്കുമോ ; | എ) ഉണ്ട്. തൃശൂരിൽ പ്രവർത്തിക്കുന്ന എക്സൈസ് വകുപ്പിന്റെ പരിശീലന കേന്ദ്രമായ സ്റ്റേറ്റ് എക്സൈസ് അക്കാദമി & റിസർച്ച് സെന്ററിൽ, ആയുധ പരിശീലനം ഒഴികെയുള്ള പരിശീലനം നൽകുന്നതിനുള്ള സൗകര്യങ്ങൾ നിലവിലുണ്ട്. നിലവിൽ, 100 സിവിൽ എക്സൈസ് ഓഫീസർമാർക്ക്, 90 പ്രവൃത്തി ദിവസം നീണ്ടു നിൽക്കുന്ന അടിസ്ഥാന പരിശീലനം നടന്നു വരുന്നു. ഔട്ട്ഡോർ വിഭാഗത്തിൽ പരിശീലനം നൽകുന്നത്, എക്സൈസ് വകുപ്പിലെ തന്നെ പ്രിവന്റീവ് ഓഫീസർ, സിവിൽ എക്സൈസ് ഓഫീസർ എന്നീ തസ്തികകളിൽ ജോലി ചെയ്യുന്നവരും, മുൻപ് പോലീസ് വകുപ്പിൽ നിന്നും പരിശീലനം സിദ്ധിച്ചവരുമായ 9 ഉദ്യോഗസ്ഥരെ സ്പെഷ്യൽ ഡ്യൂട്ടിയിൽ നിയോഗിച്ചു കൊണ്ടാണ്. |
| ബി) എക്സൈസ് നിയമങ്ങളും ചട്ടങ്ങളും സംബന്ധിച്ച് ഉദ്യോഗസ്ഥന്മാർക്ക് അവബോധം സൃഷ്ടിക്കുന്നതിനായി ഇൻ സർവ്വീസ് പരിശീലനം നൽകുന്നുണ്ടോ ; | ബി) ഉണ്ട്. അബ്കാരി, എൻ.ഡി.പി.എസ് എന്നിവയുമായി ബന്ധപ്പെട്ട വിവിധ വിഷയങ്ങൾ സംബന്ധിച്ച്, അസിസ്റ്റന്റ് എക്സൈസ് ഇൻസ്പെക്ടർ മുതൽ സർക്കിൾ ഇൻസ്പെക്ടർ വരെയുള്ള ഉദ്യോഗസ്ഥർക്ക് 5 ദിവസം വീതം ദൈർഘ്യമുള്ള പരിശീലന പരിപാടികൾ, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ഇൻ ഗവൺമെന്റിന്റെ സഹകരണത്തോടെ, എക്സൈസ് അക്കാദമിയിൽ വച്ച് ഇപ്പോൾ നടത്തി വരുന്നു. 30 പേരടങ്ങുന്ന, 5 ദിവസം വീതം ദൈർഘ്യമുള്ള 6-ാമത് ബാച്ചിന്റെ പരിശീലനമാണ് ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നത്. |

| ചോദ്യം | ഉത്തരം |
|---|---|
| സി) എക്സൈസ് ഉദ്യോഗസ്ഥന്മാരുടെ ഔദ്യോഗിക കൃത്യനിർവ്വഹണത്തിൽ ഉണ്ടാകുന്ന വീഴ്ചകൾ നിരീക്ഷിക്കുന്നതിന് എന്തെങ്കിലും സംവിധാനം പ്രസ്തുത വകുപ്പിൽ നിലവിലുണ്ടോ ; വിശദാംശം ലഭ്യമാക്കുമോ ; | സി) എക്സൈസ് ഉദ്യോഗസ്ഥന്മാരുടെ ഔദ്യോഗിക കൃത്യനിർവ്വഹണത്തിൽ ഉണ്ടാകുന്ന ഭരണപരമായ വീഴ്ചകൾ പരിശോധിക്കുന്നതിനും കണ്ടെത്തുന്നതിനുമായി, ഒരു ജോയിന്റ് എക്സൈസ് കമ്മീഷണറുടെ നേതൃത്വത്തിൽ ഇന്റേണൽ ഓഡിറ്റ് വിംഗ് പ്രവർത്തിച്ചു വരുന്നുണ്ട്. കൂടാതെ, ഫീൽഡ് ഓഫീസുകളിലെ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളിലെ വീഴ്ചകൾ പരിശോധിക്കുന്നതിന്, അഡീഷണൽ എക്സൈസ് കമ്മീഷണറുടെ നേതൃത്വത്തിൽ എൻഫോഴ്സ്മെന്റ് വിഭാഗവും, കൂടാതെ പോലീസ് വകുപ്പിലെ സൂപ്രണ്ട് പദവിയിലുള്ള ഒരു പോലീസ് ഉദ്യോഗസ്ഥന്റെ നേതൃത്വത്തിൽ എക്സൈസ് വിജിലൻസ് വിഭാഗവും പ്രവർത്തിച്ചു വരുന്നുണ്ട്. |
| ഡി) എക്സൈസ് സേനയുടെ കൃത്യനിർവ്വഹണം നിരീക്ഷിക്കുവാൻ ഉന്നതതല സമിതി രൂപീകരിക്കുന്ന കാര്യം പരിഗണിക്കുമോ ? | ഡി) നിലവിൽ, എക്സൈസ് സേനയുടെ കൃത്യനിർവ്വഹണം നിരീക്ഷിക്കുവാൻ, ഒരു ജോയിന്റ് എക്സൈസ് കമ്മീഷണറുടെ നേതൃത്വത്തിൽ ഒരു ഇന്റലിജൻസ് വിഭാഗവും, ഒരു പോലീസ് സൂപ്രണ്ടിന്റെ നേതൃത്വത്തിൽ എക്സൈസ് വിജിലൻസ് വിഭാഗവും പ്രവർത്തിച്ചു വരുന്നുണ്ട്. ഇതിനു പുറമെ, എക്സൈസ് വകുപ്പിലെ ഉന്നത ഉദ്യോഗസ്ഥർ, മേഖലാതലത്തിലും,ജില്ലാ തലത്തിലും സൂപ്പർവൈസറി ഓഫീസർമാരായി പ്രവർത്തിക്കുകയും, ഉദ്യോഗസ്ഥരുടെ ഔദ്യോഗിക കൃത്യനിർവ്വഹണത്തിൽ വീഴ്ച ഉണ്ടായിട്ടുണ്ടോ എന്ന് പരിശോധിക്കുകയും ചെയ്യുന്നുണ്ട്. |

സെക്ഷൻ ഓഫീസർ